മലപ്പുറം ജില്ലാ കലക്ടറുടെ നടപടിക്രമം
(ഹജർ.ശ്രീ.അമിത് മീണ ഐ.എ.എസ്)

-----------

നം.സി.എസ് 4/4078/17 തിയതി 03.08.2018

വിഷയം :- പാചക വാതക വിതരണത്തിന് ട്രാൻസ്പോർട്ടേഷൻ ചാർജജ് നിശ്ചയിച്ച് - ഉത്തരവാകുന്നത് -സംബന്ധിച്ച്.

സൂചന :- 1. ആലപ്പുഴ ജില്ലാ സപ്ലൈ ഓഫീസറുടെ 28.07.2018 ലെ ഇ -മെയിൽ സന്ദേശം
2. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 25.05.2017 ലെ നമ്പർ (സി.എസ്) എ2-6638/15 കത്ത്.

സൂചന (1) പ്രകാരം ഈ ഓഫീസിൽ ലഭ്യമായ സിവിൽ സപ്ലൈസ് ഡയറക്ടറുടെ സൂചന (2) പ്രകാരമുള്ള കത്തിൽ ഗ്യാസ് ഏജൻസിയുടെ ഷോറൂം സ്ഥിതി ചെയ്യുന്നത് കൂടുതൽ ജനസാന്നിദ്ധ്യം ഉള്ള സ്ഥലത്തായിരിക്കുമെന്നതും ഗോഡൗൺ സ്ഥിതി ചെയ്യുന്നത് ഷോറൂമിൽ നിന്നും അകലെയായിരിക്കുമെന്നതും കണക്കിലെടുക്കുമ്പോൾ ഗോഡൗണിനെ സീറോ പോയിന്റായി കണക്കാക്കിയാൽ ഉപഭോക്താക്കൾക്ക് അധിക ഡെലിവറി ചാർജ്ജ് നൽകേണ്ടതായി വരും എന്നതിനാൽ ഗ്യാസ് ഏജൻസിയുടെ ഷോറൂമിനെ സീറോ പോയിന്റായി കണക്കാക്കാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പാചക വാതകത്തിന്റെ കടത്തുകൂലിയുടെ സൗജന്യ വിതരണ മേഖല ആരംഭിക്കുന്ന സീറോ പോയിന്റ് നിർണ്ണയിക്കേണ്ടത് ഗ്യാസ് ഏജൻസിയുടെ ഷോറൂമിൽ നിന്നുള്ള അകലം കണക്കാക്കിയാണെന്ന് മലപ്പുറം ജില്ലാ കലക്ടർ നിശ്ചയിച്ച് ഉത്തരവാകുന്നു.

ഒപ്പ്/-
ജില്ലാ കലക്ടർ

സ്വീകർത്താവ് : 1. എല്ലാ ഗ്യാസ് ഏജൻസികൾക്കും
2. സെയിൽസ് ഓഫീസർമാർ (IOC, BPC, HPC)
3. എല്ലാ താലൂക്ക് സപ്ലൈ ഓഫീസർമാർക്കും
4. ജില്ലയിലെ എല്ലാ ഉപഭോക്തൃ സംരക്ഷണ സംഘടനകൾക്കും

പകർപ്പ് : 1.സിവിൽ സപ്ലൈസ് ഡയറക്ടർ ( ആവരണ കത്ത് സഹിതം)
2.ജില്ലാ ഇൻഫർമേഷൻ ഓഫീസർ, മലപ്പുറം
3. സ്റ്റോക്ക് ഫയൽ/CS4 Section/Master File

// ഉത്തരവിൻ പ്രകാരം//

ജില്ലാ സപ്ലൈ ഓഫീസർ

True Copy

DISTRICT SUPPLY OFFICER
MALAPPURAM

## മലപ്പുറം ജില്ലാ കലക്ടറുടെ നടപടിക്രമം

(ഹാജർ:ശ്രീ.കെ.ബിജു. ഐ എ എസ്)

നം.സി.എസ് 4/6687/13 തിയതി 1.8.2014

വിഷയം :- പാചകവാതക വിതരണത്തിന് ട്രാൻസ്പോർട്ടേഷൻ ചാർജ് നിശ്ചയിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്.

സൂചന : - 1) എൽ.പി.ജി (റഗുലേഷൻ ഓഫ് സപ്ലൈ & ഡിസ്ട്രിബ്യൂഷൻ) ഓർഡർ - 2000.

2) ഓൾ ഇൻഡ്യാ LPG ഡിസ്ട്രിബ്യൂട്ടേഴ്സ് ഫെഡറേഷൻ (മലപ്പുറം ജില്ല) സെക്രട്ടറിയുടെ 26.2.2014 ഉം 1.7.2014 ഉം തിയതികളിലെ അപേക്ഷകൾ.

---

മലപ്പുറം ജില്ലയിൽ I O C, B P C, H P C എന്നീ ഓയിൽ കമ്പനികളുടെ കിഴിൽ പ്രവർത്തിക്കുന്ന LPG വിതരണക്കാരായ ഗ്യാസ് ഏജൻസികൾ റീഫിൽ സിലിണ്ടറുകൾ ഉപഭോക്താക്കളുടെ വീട്ടിലെത്തിക്കുന്നതിനുള്ള ട്രാൻസ്പോർട്ടേഷൻ ചാർജ് നിർണ്ണയിച്ചുത്തരവായത് 1.6.2010 ൽ ആയിരുന്നുവെന്നും ആയതിനു ശേഷം ഡീസൽ വില, തൊഴിലാളികളുടെ വേതനം, വാഹനത്തിന്റെ ടാക്സ്, ഇൻഷൂറൻസ് എന്നിവയിൽ വൻ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നും ഇതു കണക്കിലെടുത്ത് ട്രാൻസ്പോർട്ടേഷൻ നിരക്ക് പുതുക്കി നിശ്ചയിക്കണമെന്നാവശ്യപ്പെട്ടു സൂചന (2)ൽ ഗ്യാസ് ഏജൻസി ഭാരവാഹികൾ മുഖേന, അപേക്ഷ നൽകിയിരുന്നു. പ്രസ്തുത അപേക്ഷയിൽ സമുചിതമായ തീരുമാനം കൈകൊള്ളുന്നതിനായി ഗ്യാസ് ഏജൻസി ഉടമകളുടേയും ഉപഭോക്തൃ സമിതി ഭാരവാഹികളുടേയും യോഗം ജില്ലാ കലക്ടർ 11.7.2014 ൽ ജില്ലാ കലക്ടറേറ്റിലെ കോൺഫറൻസ് ഹാളിൽ വച്ചു വിളിച്ചു കൂട്ടിയിരുന്നു. പ്രസ്തുത യോഗത്തിൽ ഗ്യാസ് ഏജൻസിയുടമകൾ ആവശ്യപ്പെട്ട നിരക്കിൽ ട്രാൻസ്പോർട്ടേഷൻ ചാർജ് അനുവദിക്കുവാൻ കഴിയില്ലെന്നും ഗ്യാസ് ഏജൻസിയുടമകൾക്കും ഉപഭോക്തൃസമിതി ഭാരവാഹികൾക്കും തങ്ങളുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്താവുന്നതാണെന്നും ജില്ലാ കലക്ടർ പ്രസ്താവിച്ചു. ഇരുപക്ഷത്തിന്റേയും അഭിപ്രായങ്ങളിലൂടെ ഉരുത്തിരിഞ്ഞ സ്ഥിതിവിവര കണക്കുകളുടേയും വസ്തുതകളുടേയുമടിസ്ഥാനത്തിൽ, ഇരുക്കൂട്ടർക്കും സ്വീകാര്യമായ ട്രാൻസ്പോർട്ടേഷൻ ചാർജ് താഴെ രേഖപ്പെടുത്തിയ നിരക്കിൽ, 1955 ലെ അവശ്യ സാധന നിയമം, LPG (Regulation of Supply and Distribution) Order 2000 എന്നിവയെ ആധാരമാക്കി മലപ്പുറം ജില്ലാ കലക്ടർ നിശ്ചയിച്ച് ഉത്തരവാകുന്നു.

| | | |
|---|---|---|
| a) ഗ്യാസ് ഏജൻസി ഷോറൂം പോയിന്റിൽ നിന്നും 5 കി.മീ. ദൂരപരിധി വരെ | - | ചാർജ് ഇല്ല (ഫ്രീ സോൺ) |
| b) 5 കി.മീറ്റർ മുതൽ 10 കി.മീറ്റർ വരെ | - | 30 രൂപ |
| c) 10 കി.മീറ്റർ മുതൽ 15 കി.മീറ്റർ വരെ | - | 35 രൂപ |
| d) 15 കി.മീറ്ററിനു മുകളിൽ | - | 45 രൂപ |

മേൽ പറഞ്ഞ നിരക്കിലുള്ള ട്രാൻസ്പോർട്ടേഷൻ ചാർജ് 1.8.2014 മുതൽ പ്രാബല്യത്തിലാകുന്നതാണെന്നും പ്രസ്തുത ചാർജ് നിർബന്ധമായും ബില്ലിൽ രേഖപ്പെടുത്തേണ്ടതാണെന്നും ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്/-

ജില്ലാ കലക്ടർ

സ്വീകർത്താവ് : 1) എല്ലാ ഗ്യാസ് ഏജൻസികൾക്കും
2) സെയിൽസ് ഓഫീസർമാർ IOC,BPC,HPC
3) എല്ലാ താലൂക്ക് സപ്ലൈ ഓഫീസർമാർക്കും

പകർപ്പ് : 1) സിവിൽ സപ്ലൈസ് ഡയറക്ടർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
" : 2) ജില്ലാ ഇൻഫർമേഷൻ ഓഫീസർ, മലപ്പുറം
" : 3) S.file/CS 4 Section.

അംഗീകാരത്തോടെ,

സീനിയർ സൂപ്രണ്ട്

True Copy

DISTRICT SUPPLY OFFICER
MALAPPURAM